**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2494** **27-02-2023 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഓൺലൈൻ പോർട്ടൽ രജിസ്ട്രേഷൻ നിർബന്ധമാക്കിയത് എന്ന് മുതലാണ്; പുതിയതായി ലൈസൻസ് എടുക്കുന്ന വ്യവസായ സംരംഭങ്ങൾ കൂടാതെ മുൻപ് പ്രവർത്തിച്ചിരുന്ന വ്യവസായ സംരംഭങ്ങളും നിർബന്ധമായും ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യണമെന്ന് നിർദേശം നൽകിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടില്ല. എന്നാൽ ഇത്തരം സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെ 'ഉദ്യം' രജിസ്ട്രേഷൻ പോർട്ടൽ നിലവിലുണ്ട്. 'ഉദ്യം' രജിസ്ട്രേഷൻ നമ്പർ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾക്ക് ഉപയോഗിക്കാവുന്നതാണ്. മുൻ കാലങ്ങളിൽ മറ്റ് സംവിധാനങ്ങളിൽ രജിസ്റ്റർ ചെയ്തിരുന്ന യൂണിറ്റുകൾക്കും 'ഉദ്യം' രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. ഉദ്യം പോർട്ടലിൽ രെജിസ്റ്റർ ചെയ്യുന്നത് നിർബന്ധമാക്കിയിട്ടില്ലാത്തതിനാൽ സ്വമേധയാലുള്ള പ്രവർത്തിയാണ്.<br><br>സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കണ്ടെത്തുന്ന സംരംഭകരുടെ തുടർ പ്രവർത്തനങ്ങളും, അനുമതി-വായ്പകൾ ലഭ്യമാക്കലും, യൂണിറ്റ് സ്ഥാപനപുരോഗതിയും നിരീക്ഷിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന 'സംരംഭക വർഷം' എന്ന പേരിൽ ഒരു പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ പ്രകാരം രജിസ്റ്റർ ചെയ്യാത്ത വ്യവസായ സംരംഭങ്ങൾക്ക് സബ്സിഡി ഉൾപ്പെടെയുള്ള സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായപദ്ധതി, നാനോ ഗാർഹിക യൂണിറ്റുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി, ഒരു കുടുംബം ഒരു സംരംഭം തുടങ്ങിയ പദ്ധതികൾ മുഖേന ആനുകൂല്യം ലഭിക്കുന്നതിന് ഉദ്യോഗ് ആധാർ/ ഉദ്യം രജിസ്ട്രേഷൻ സമർപ്പിക്കേണ്ടതുണ്ട്. മേൽ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യത്തിനായി ഓൺലൈൻ പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.<br><br>വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ ആനുകൂല്യങ്ങൾക്ക് ഉദ്യം രെജിസ്ട്രേഷൻ നമ്പർ ആവശ്യപ്പെടാറുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ തിരിച്ചറിയൽ രേഖയായാണ് ഈ രെജിസ്ട്രേഷൻ ഉപയോഗിക്കുന്നത്. |
| (സി) | മേൽപ്പറഞ്ഞ പ്രകാരം ഈ സാമ്പത്തിക വർഷം എത്ര വ്യവസായ സംരംഭങ്ങൾ ഓൺലൈൻ പോർട്ടലിൽ | (സി) | കേന്ദ്ര സർക്കാരിന്റെ 'ഉദ്യം' രജിസ്ട്രേഷൻ പോർട്ടൽ വഴി സംസ്ഥാനത്ത് 21.02.2023- ലെ കണക്കുകൾ പ്രകാരം 3,45,516 സംരംഭങ്ങൾ രജിസ്ട്രേഷൻ നടത്തിയതായി എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ ഡാഷ് ബോർഡിൽ രേഖപ്പെടുത്തിയിരിക്കുന്നു. (https://dashboard.msme.gov.in/Udyam_Statewise.aspx).വ്യവസായ |

| | | | |
|---|---|---|---|
| | രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | വാണിജ്യ ഡയറക്ടറേറ്റ് മുഖേനയുള്ള 'സംരംഭക വർഷം' പോർട്ടലിലെ വിവരങ്ങൾ പ്രകാരം സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം 21.02.2023 വരെ 1,76,601 സംരംഭകരെ കണ്ടെത്തുകയും, ഇതിനകം 1,34,002 സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ